# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 5072 — 06.02.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ വായ്പാ കടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികളും അവരുടെ ആശ്രിതരും എടുത്തിട്ടുള്ള വായ്പാ കടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ) 2008 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ നിയമ പ്രകാരം, കടാശ്വാസ കമ്മീഷൻ നൽകിയ ശുപാർശയിന്മേൽ 9891 മത്സ്യത്തൊഴിലാളികളുടെ ഹഡ്കോ ഭവന വായ്പാ കടിശ്ശികയും 46,804 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി 31.12.2007 വരെ വിതരണം ചെയ്ത എൻ.സി.ഡി.സി. വായ്പാ കടിശ്ശികയും ചേർന്ന് ആകെ 126,86,09,024 രൂപയുടെ ബാധ്യത സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് അവരെ ഋണ വിമുക്തരാക്കിയിട്ടുണ്ട്.<br>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30.06.2013 ന് മുമ്പായി സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരേ അപേക്ഷയിൽ ഒന്നിൽ കൂടുതൽ വായ്പകളെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താനുള്ള അവസരങ്ങൾ നൽകിയതിനാൽ കമ്മീഷൻ പരിഗണിക്കേണ്ട വായ്പകളുടെ സംഖ്യ മേൽപറഞ്ഞ എണ്ണത്തേക്കാളും വളരെ കൂടുതലാണ്. നാളിതുവരെ സംസ്ഥാനമൊട്ടാകെ ഒരു കുടുംബത്തിനു മുതലിനത്തിൽ പരമാവധി 75,000/ രൂപ എന്ന ക്രമത്തിൽ 66070 കടങ്ങളിൽ കടാശ്വാസത്തിന് അർഹത |

കണ്ടെത്തിയിട്ടുണ്ട്.

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ (എൻ.എം.ഡി. എഫ്.സി) എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഫണ്ടുപയോഗിച്ച് മത്സ്യഫെഡും തനതു ഫണ്ടുപയോഗിച്ച് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും മത്സ്യത്തൊഴിലാളികൾക്ക നൽകിയ വായ്പകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിന് 12.44 കോടി രൂപ മത്സ്യഫെഡിനും, 1969 ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് 241.15 കോടി രൂപ സഹകരണ മേഖലയ്ക്കുമായി ആകെ 253.59 കോടി രൂപയ്ക്ക് 06.12.2010 ലെ സ.ഉ.(അച്ചടി) 91/10/മഌവ നം. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു.

ഇതിൽ എൻ.എം.ഡി.എഫ്.സി., എൻ.ബി.സി.എഫ്.ഡി.സി., 1969 ലെ കേരള കോ-ഓപ്പറേറ്റീവ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ സഹകരണ ബാങ്കുകൾ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ തനതു ഫണ്ട് ഇടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിന്മേൽ അനുവദിച്ച കടാശ്വാസത്തിന് ആദ്യ ഗഡുവായി 100 കോടി രൂപ 01.03.2011 ലെ സ.ഉ. (സാധാ) 221/11/മഌവ നം. ഉത്തരവ് പ്രകാരം അനുവദിക്കുകയും ചെയ്തു.

മത്സ്യത്തൊഴിലാളി കടാശ്വാസം നൽകുന്നതിനായി പരിശോധന പൂർത്തിയായ അപേക്ഷകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിനും മറ്റ് അപേക്ഷകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് കടാശ്വാസം

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 20 കോടി രൂപയിൽ നിന്നും പരിശോധന പൂർത്തിയാക്കിയ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസം നൽകുന്നതിനായി 8,85,61,330/- രൂപ 02.12.13 ലെ സ.ഉ.(സാധാ)നം.989/13/മത്സ്യ. പ്രകാരം റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും കടമെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകളുമായി അനുരഞ്ജന ചർച്ചകളും നടത്തി വരികയാണ്. |
| (ബി) | പിന്നോക്ക വിഭാഗ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ മുതലായവയിൽ നിന്ന് മത്സ്യ ത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളുടെ കടിശ്ശിക എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | 2008 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ നിയമത്തിലെ മാനദണ്ഡങ്ങൾക്കനുസൃതമായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുതലായവയിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളെയും കൂടി ഉൾപ്പെടുത്തി കടാശ്വാസം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (01.07.13ലെ സ.ഉ.(അച്ചടി)നം. 40/13/മത്സ്യ. പ്രകാരം) |

സെക്ഷൻ ഓഫീസർ